കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളക്കട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11/1959/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –22.12.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്ത് 2016-2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-11/1959/2017 തീയതി: 22.12.2017

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.10.2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2017മുതൽ<br>26.10.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. പത്മകുമാരി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജമീല ബീവി.എം.,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജി.സരസ്വതി | 1.4.16 മുതൽ<br>31.3.17 വരെ |
| സെക്രട്ടറി | ശ്രീ. ജയപ്രകാശ്.പി. | 1.4.16 മുതൽ<br>24.5.16 വരെ |
| | ശ്രീ.റെജിമോൻ.എം<br>(ഇൻചാർജ്) | 25.5.16 മുതൽ<br>21.8.16 വരെ |
| | ശ്രീ. മുരളീധരൻ.എം | 22.8.16 മുതൽ<br>31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി.അനശ്രീ | 1.4.16 മുതൽ<br>09.05.16 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.അനിത.എസ്. | 10.05.16 മുതൽ 15.10.16 വരെ |
| | ശ്രീമതി.പ്രിയ .എസ് | 16.10.16 മുതൽ 31.12.16 വരെ |
| | ശ്രീ.സുരേഷ്.കെ.ജി. | 01.01.17 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | ശ്രീ.റെജിമോൻ.എം | 1.4.16മുതൽ 21.08.16 വരെ |
| | ശ്രീ.ബാബുകുമാർ .ആർ | 22.08.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പുഷ്പാ ജോസഫ് | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിന്നി സാമുവൽ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം.ജയകുമാർ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അനിൽകുമാർ | 1.4.16 മുതൽ 04.08.16 വരെ |
| | ഡോ.ലക്ഷ്മി | 05.08.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.രാഹുൽ | 1.4.16 മുതൽ 18.09.16 വരെ |
| | ഡോ.നിഷാകുമാരി | 19.09.16 മുതൽ 12.12.16 വരെ |

| | | |
|---|---|---|
| | | |
| | ഡോ.രാഹുൽ | 13.12.16 മുതൽ 31.3.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സരള.എൻ. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രിയദർശിനി | 1.4.16 മുതൽ 10.01.17 വരെ |
| | ശ്രീമതി. വിനീത ബേബി ജേക്കബ് | 11.01.17 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീമതി.ബേബി.വി | 1.4.16 മുതൽ 31.3.17 വരെ |

## ഉള്ളടക്കം

| ക്രമ നം. | *ഭാഗം 1* | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | *ഭാഗം 2* | |
| 12 | വാടക ഈടാക്കിയിട്ടില്ല | 2-1 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-2 |

| | | |
|---|---|---|
| | | |
| 14 | കെട്ടിട നമ്പറിംഗ് നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിക്കുന്നില്ല | 2-3 |
| 15 | തൊഴിൽനികുതി- അപാകതകൾ. | 2-4 |
| 16 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില, വാറ്റ് ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-5 |
| 17 | തനതുഫണ്ട്-ഒന്നിലധികം അക്കൗണ്ടുകൾ | 2-6 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-7 |
| | *ഭാഗം 3* | |
| 19 | മൈലംകുളം വെണ്ടാർ റോഡ് മെയിന്റനൻസ് -കരാർ കാലാവധിയ്ക്കുശേഷം പൂർത്തീകരിച്ച –അന്തിമബില്ലിൽ നിന്നും Liquidated charges ഈടാക്കിയിട്ടില്ല - 15,285/-രൂപ നഷ്ടം | 3-1 |
| 20 | സമഗ്രപച്ചക്കറികൃഷി (കുടുംബശ്രീ- വനിത)- ജൈവകീടനാശിനിവിതരണംചെയ്തില്ല-നിരാകരിക്കുന്ന തുക-19,500/-രൂപ | 3-2 |
| 21 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച– 1,98,98,965/- | 3-3 |

| | | |
|---|---|---|
| | രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. | |
| 22 | സബ്സിഡിതുക അധികമായി നല്കി-നഷ്ടം 1,000/- | 3-4 |
| 24 | രേഖകൾ ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-19,21,885/-രൂ | 3-5 |
| 25 | K.M.S.C.L-ൽ നിന്നും 3,39,267/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 26 | സമഗ്രനെൽകൃഷിവികസനം-ചെലവുരേഖകൾ ഹാജരാക്കിയില്ല. | 3-7 |
| 27 | ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തിവിവരങ്ങൾ ശേഖരിക്കുന്നതിന്നടപടികൾ ആരംഭിച്ചില്ല | 3-8 |
| 28 | മരുന്നു ലഭ്യമായില്ല-രൂ.2,00,000/- തടസ്സപ്പെടുത്തുന്നു. | 3-9 |
| 29 | നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നു. | 3-10 |
| 30 | വെള്ളക്കരം - സംയുക്തപരിശോധന നടത്തേണ്ടതാണ്. | 3-11 |
| 31 | ചെലവുരേഖകൾ ഹാജരാക്കിയില്ല - 7,500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |

| | | |
|---|---|---|
| | | |
| 32 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്തുപ്രവൃത്തികൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-13 |
| 33 | ദേശീയ തൊഴിലുറപ്പുപദ്ധതി | 3-14 |
| 34 | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-15 |
| 35 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം – ചെലവ് തുക 84,287/- രൂപ തടസ്സപ്പെടുത്തുന്നു. | 3-16 |
| 36 | കന്നുകുട്ടിപരിപാലനപദ്ധതി – വിനിയോഗരേഖകൾ ലഭ്യമാക്കാത്തത് | 3-17 |
| 37 | തെരുവുവിളക്കുകളുടെ പരിപാലനം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-18 |
| 38 | പി.എം.എ.വൈ.വിഹിതം നല്കൽ- വിനിയോഗസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. | 3-19 |
| 39 | കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല തടസ്സം 24,63,100/-രൂ | 3-20 |
| 40 | പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് | 3-21 |

| | | |
|---|---|---|
| | സബ്സിഡി നല്കി. | |
| 41 | വായനക്കൂട്ടം പദ്ധതി -മാർഗ്ഗരേഖപാലിച്ചിട്ടില്ല | 3-22 |
| 42 | മരുന്നുകൾ യഥാസമയം ലഭ്യമായില്ല. | 3-23 |
| | *ഭാഗം 4* | |
| 43 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/വായ്പതിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 52 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 4/3/16 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 29.06.2017 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2016-2017 | 21.10.217 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട് |

<u>ന്യൂനതകളുടെ സംഗ്രഹം</u>

1)എം.ജി.എൻ.ആർ.ഇ.ജി.എസ്.ചെലവ് തുക 4,47,39,708/-രൂപയാണ്. എന്നാൽ എ.എഫ്.എസ്.ലെ I-(6)ഷെഡ്യൂളിൽ 4,44,98,029/- രൂപയാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

2)സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ബ്ലോക്ക് വിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്നത് 5,12,080/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ 4,00,000/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളു.

3) വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ [തൊഴിൽ നികുതി - ട്രേഡേഴ്സ്, പെർമിറ്റ് ഫീസ്, മാർക്കറ്റ് റസീപ്റ്റ്, വാടക(കറന്റ്,അരിയർ)] എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

4) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ ' എംപ്ലോയി ലയബിലിറ്റി നെറ്റ് സാലറി പേയബിൾ' എന്ന ഹെഡിൽ 1,15,959/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.എന്നാൽ ബിൽ രജിസ്റ്റർപ്രകാരം 3,96,860/- രൂപയാണ്.

5) ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6)ആസ്തിരജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ബോധ്യപ്പെട്ടിട്ടില്ല.

7)അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് എന്ന ഹെഡിൽ അവശേഷിക്കുന്ന 18,000/- രൂപ ക്രമീകരിച്ചത് ബോധ്യപ്പെട്ടിട്ടില്ല.

8)ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ 'റിക്കവറി പേയബിൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി-30,000/-' , 'റിക്കവറി പേയബിൾ ഡ്യൂസ് ടു അദർ പഞ്ചായത്ത്-13000/-' , എന്നീ ഹെഡുകളിൽ ഉൾപ്പടുത്തിയിരിക്കുന്ന തുകകൾ ബോധ്യപ്പെട്ടിട്ടില്ല.

9)ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂളിൽ 'KDCB ഇൻവെസ്റ്റ്മെന്റ്-5000' , 'പെൻഷൻ

a/c-454/-' എന്നീ ഹെഡുകളിൽ ഉൾപ്പടുത്തിയിരിക്കുന്ന തുകകൾ ബോധ്യപ്പെട്ടിട്ടില്ല.

10)ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ 'സെൻട്രലി സ്പോൺസേഡ് സ്കീം -ICDS- 7,94,506/-' ,'ശുചിത്വ മിഷൻ ഗ്രാന്റ്-17,89,880' എന്നീ ഹെഡുകളിൽ ഉൾപ്പടുത്തിയിരിക്കുന്ന തുകകൾ ബോധ്യപ്പെട്ടിട്ടില്ല.

11)മുൻവർഷം ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളിൽനിന്ന് തൻവർഷം തുക പൂർണമായും ഈടാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12)കെട്ടിടനികുതി- വാർഷികകണക്കുകളിലെ ഡിമാന്റ്, വരവ്, ബാലൻസ് തുകകൾ സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

13) സെൻട്രൽ ഷെയറിൽനിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നല്കിയ 3,35,000/- രൂപ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റുചെയ്ത വാർഷികധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,30,55,750/- |
| വരവ് | ₹7,36,40,989/- |
| ആകെ | ₹8,66,96,739/- |
| ചെലവ് | ₹6,75,65,008/- |
| നീക്കിയിരിപ്പ് | ₹1,91,31,731/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,28,17,990 | 1,28,17,990 | 1,28,17,990 | 0 | 100 |
| വികസനഫണ്ട് | 0 | 39,57,020 | 39,57,020 | 39,57,020 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 87,30,568 | 87,30,568 | 87,30,568 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 31,73,890 | 31,73,890 | 31,73,890 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 65,58,042 | 65,58,042 | 65,58,042 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3,09,178 | 3,09,178 | 3,09,178 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 22,825 | 4,50,24,104 | 4,50,46,929 | 4,47,39,708 | 3,07,221 | 99.3 |
| ബി ഫണ്ട് | 0 | 5,29,0,725 | 5,29,30,725 | 5,29,30,725 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റുവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 7,90,81,970 | 78 | 4,39,98,800 | 31 | 68 | 44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനതുവരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 86 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 73,01,001 | 54,17,847 | (-)18,83,154 | -25.79 |
| നികുതിയേതര വരവുകൾ | 17,83,129 | 20,14,061 | (+)2,30,932 | +12.95 |
| മറ്റുവരവുകൾ | 12,75,24,304 | 1,10,76,654 | (-)11,64,47,650 | -91.31 |
| ആകെ | 13,66,08,434 | 1,85,08,562 | (-)11,80,99,872 | -86.45 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,63,080 | 320 |
| കർഷകതൊഴിലാളി പെൻഷൻ | 21,48,290 | 232 |
| വിധവാപെൻഷൻ | 1,59,56,540 | 1515 |
| വാർദ്ധക്യകാലപെൻഷൻ | 2,89,91,230 | 2962 |
| വികലാംഗപെൻഷൻ | 40,56,745 | 418 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 10,14,840 | 96 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,225/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,ലേല രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

വരുമാനസ്രോതസുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഡി&ഒ, തൊഴിൽ നികുതി എന്നിവ ഭാഗികമായി മാത്രമാണ് പിരിച്ചെടുക്കുന്നത്. തനതുവരുമാനം വർദ്ധിപ്പിക്കാനും ലഭ്യമാകുന്ന വരവിന്റെ കൃത്യത ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല. തൊഴിൽനികുതി ഈടാക്കുന്നതിനായി വ്യാപാരികളിൽനിന്ന് വരുമാനം കണക്കാക്കുന്ന റിട്ടേൺ ലഭ്യമാക്കുന്നില്ല. സ്ഥാപനരജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നീ വരവുകൾ കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. വരവിനങ്ങളുടെ ഡി.സി.ബി.പത്രികകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരുമായി കരാറിലേർപ്പെടുകയോ കരാർ പത്രം വാങ്ങി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഡേ ബുക്ക്, ബാങ്ക് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ

കാഷ്യർ ,അക്കൗണ്ടന്റ്,സൂപ്രണ്ട് എന്നിവർ ആരുംതന്നെ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാംഖ്യ രസീതുകൾ വളരെയധികം ക്യാൻസൽ ചെയ്യുന്ന പ്രവണത കാണുന്നു. രജിസ്റ്ററുകളും രേഖകളും മേലധികാരികൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നില്ല. ആയതിനാൽ പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29/8/17 | 07/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/11/15 – 10/12/15 | 2010-2011 മുതൽ 2014-2015 | ലഭിച്ചില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക ഈടാക്കിയിട്ടില്ല-നഷ്ടം 1,26,879/-

2016-2017 സാമ്പത്തികവർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടക ഒടുക്കാതെ ചുവടെ കൊടുത്തിരിക്കുന്ന വാടകക്കാർ വ്യാപാരം നടത്തിയതായി കാണുന്നു. എന്നാൽ ടി വാടകക്കാരിൽനിന്ന് വാടക ഈടാക്കുന്നതിനായി പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വാടകക്കാരുമായി കരാറിലേർപ്പെടുകയോ ആയതിന്റെ കരാർ പത്രം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. . ഈടാക്കാൻ അവശേഷിക്കുന്ന വാടക തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | മാസ വാടക (₹) | വാടകയ്ക്കെടുത്ത വ്യക്തിയുടെ പേര് | ഈടാക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| പുത്തൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 8 (പുതിയ കെട്ടിടം) | 4,500 | ശ്രീ.ബിജു. ,<br>ലൂർദ്ദ് വിലാസം | 54,000 /-<br>(12x4500)<br>ഏപ്രിൽ-2016 മാർച്ച്-2017 |
| 2 | 9 (പുതിയ കെട്ടിടം) | 4,500 | ശ്രീ.മഞ്ജു പാപ്പച്ചൻ | 54,000 /-<br>(12x4,500)<br>ഏപ്രിൽ-2016 മാർച്ച്-2017 |
| 3 | 1 (പഴയ കെട്ടിടം) | 888 | ശ്രീ.ബേബി,<br>സ്വാതി ഭവൻ,<br>പവിത്രേശ്വരം | 2,664/-<br>(888x3)<br>2017-ജനവരി-മാർച്ച് |
| 4 | 2 (പഴയ കെട്ടിടം) | 803 | ശ്രീമതി.ഷീല ,<br>മുകളുവിള വീട്,<br>കുമ്പളം | 2409/-<br>(803x3)<br>2017-ജനവരി-മാർച്ച് |
| 5 | സ്റ്റെയർ റൂം | 1534 | ശ്രീ.ബേബി,<br>സ്വാതി ഭവൻ,<br>പുത്തൂർ | 13,806/-<br>(1,534x9)<br>2016 ജൂലൈ |

| | | | | |
|---|---|---|---|---|
| | | | | 2017 മാർച്ച് |
| ആകെ | | | | 1,26,879/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-13, തീയ്യതി-24/10/17) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഒഴിഞ്ഞുകിടക്കുന്ന മുറികൾ ലേലംചെയ്ത് വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കുടിശ്ശികയുള്ള വാടകതുക പലിശസഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ.(ആർ.റ്റി.)നം. 19/2011/ത.സ്വഭ.വ./14-1-2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400/- രൂപയും കൂടിയ വസ്തുനികുതി 500/-രൂപയുമാണ്. ഗ്രാമപഞ്ചായത്തുകമ്മിറ്റിയുടെ 29.09.2011-ലെ VII(5)-ാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി ച.മീറ്ററിന് 500/- രൂപയായി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന നിലവിലുള്ള 3 മൊബൈൽ ടവറുകൾക്കും 2013-14 മുതൽ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഡിമാന്റുചെയ്ത് ഈടാക്കിയിട്ടില്ല. നികുതി ഡിമാന്റ്ചെയ്ത് ഈടാക്കാത്തത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരമുള്ള കാലഹരണപ്പെടലിന് ഇടയാക്കുന്നു. സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതി മുതൽ മൂന്നുവർഷത്തിനുശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ, സെക്ഷൻ 243 (3)ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. 2013-14 മുതൽ വസ്തുനികുതി പുനർനിർണ്ണയതീയതി മുതലുള്ള 3 വർഷവും കഴിഞ്ഞിരിക്കുന്നതിനാൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽനിന്നും നികുതി ഈടാക്കി മുതൽക്കൂട്ടാത്തപക്ഷം യഥാകാലങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി മാറുന്നതാണ്. നികുതി പുനർനിർണ്ണയത്തിനുശേഷം

തൻവർഷംവരെ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമായ തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവർ | വാർഡ് നം./ കെട്ടിട നം. | 2013-14 ൽ പുനർ നിർണ്ണയിച്ചനികുതി +ലൈബ്രറി സെസ്സ് | 2016-17 വരെയുള്ള കുടിശ്ശിക നികുതി+ ലൈബ്രറിസെസ്സ് |
|---|---|---|---|---|
| 1 | ഐഡിയ | V/597 | 3500+175 | 14,000+700 |
| 2 | ബി.എസ്.എൻ.എൽ. | XIII/232 | 3600+180 | 14,400+720 |
| 3 | ഐഡിയ | XV/570 | 3500+175 | 14,000+700 |
| | ആകെ | | | 42,400+2,120 |

ടി ടവറുകളുടെ നികുതി കുടിശ്ശികയായതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/23.10.17) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 2-3 കെട്ടിടനമ്പറിംഗ് -നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 235 എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ ഒടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടിവരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃതനിർമ്മാണത്തിന്റെ വർഷം ഏതെന്നും ചേർത്ത് കെട്ടിടനമ്പർ നൽകേണ്ടതാണ്. ഇപ്രകാരം

കെട്ടിടനമ്പർ നൽകുന്നത് 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണയിക്കുന്നതിനുവേണ്ടിമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. 2016-2017 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ കെട്ടിടനമ്പറിംഗിനായി 164 അപേക്ഷകൾ ലഭിച്ചതിൽ 18 അപേക്ഷകൾ നിരസിച്ചു. ഇതിൽ 10 അപേക്ഷകൾ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളാണ്. എന്നാൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന 'യു.എ.' നമ്പർ നൽകുകയോ ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങളെ യു.എ. രജിസ്റ്ററിൽ ചേർത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി-അപാകതകൾ

2016-2017 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, അർദ്ധവാർഷികവരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)സ്ലാബ് പരിധിയനുസരിച്ച് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്/തസ്തിക | ഒന്നാം അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | പുത്തൂർ വില്ലേജ് ഓഫീസ് | ശ്രീമതി.രമ്യ, VFA | 1,47,615/- | 1,250/- | 1,000/- | 250/- |
| 2 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് ,കലയപുരം | ശ്രീമതി.ക്രിഷൻവ്യ, പി.ടി.എസ്. | 75,096/- | 750/- | 600/- | 150/- |
| ആകെ | | | | | | 400/- |

2) ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി

ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്/തസ്തിക | വർഷം 2016-17 |
|---|---|---|---|
| 1 | ഗവ.ഹയർ സെക്കന്ററി സ്കൂൾ, കുളക്കട | ശ്രീമതി.റോസമ്മ, പ്രിൻസിപ്പൽ | ഒന്നാം അർദ്ധ വർഷം |
| 2 | സെന്റ്. തെരേസസ് യു.പി.എസ്. കലയപുരം | എച്ച്.എം. | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 3 | മാർ ഇവാനിയോസ് ബഥനി സ്കൂൾ, കുളക്കട | പ്രിൻസിപ്പൽ | ഒന്നുംരണ്ടുംഅർദ്ധവർഷങ്ങളിലെ |
| 4 | മാർ ഇവാനിയോസ് ബഥനി സ്കൂൾ, കുളക്കട | ഷീജാകുമാരി,ടീച്ചർ (ടിയാരി ലീവിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് തരം ലീവെന്നോ ആയത് ബോധ്യപ്പെടുത്തുന്ന രേഖകളോ ഹാജരാക്കിയിട്ടില്ല.) | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| | | | |
| 5 | ഗവ.ഹോമിയോ ഡിസ്പെൻസറി, കളക്കട | ഡോ.ജയകുമാർ, മെഡിക്കൽ ഓഫീസർ | ഒന്നാം അർദ്ധവർഷം |

3) ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | വർഷം 2016-17 |
|---|---|---|
| 1 | എസ്.വി.എം.എം.ടീച്ചർ എഡ്യുക്കേഷൻ സെന്റർ,വെണ്ടാർ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 2 | എസ്.വി.എം.എം. ടി.ടി.സി., വെണ്ടാർ | രണ്ടാം അർദ്ധവർഷം |
| 3 | എസ്.വി.എൻ.എസ്. എസ്.എൽ.പി.എസ് & യു.പി.എസ്. ആറ്റുവശ്ശേരി | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 4 | ശ്രീദുർഗ്ഗ കാഷ്യൂ ഫാക്ടറി,കുളക്കട | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 5 | ഡിവൈൻ പബ്ളിക് സ്കൂൾ, മൈലം കുളം | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |

4)ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | വർഷം 2016-17 |
|---|---|---|
| 1 | മാർഇവാനിയസ് ബദനി സ്കൂൾ,പുത്തൂർ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 2 | സെന്റ്. തെരേസസ് യു.പി.എസ്. , കലയപുരം | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 3 | ശ്രീ വിദ്യാധിരാജ മോഡൽ ടീച്ചർ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,വെണ്ടാർ | ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ |
| 4 | എസ്.വി.എം.എം.ടീച്ചർ എഡ്യുക്കേഷൻ | ഒന്നം രണ്ടും |

| | | |
|---|---|---|
| | സെന്റർ,വെണ്ടാർ | അർദ്ധവർഷങ്ങളിലെ |
| 5 | എസ്.വി.എം.എം. ടി.ടി.സി., വെണ്ടാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 6 | ബഥനി ഹോസ്പിറ്റൽ,പുത്തൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 7 | ശ്രീദുർഗ്ഗ കാഷ്യു ഫാക്ടറി,കുളക്കട | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 8 | കാത്തലിക് സിറിയൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 9 | ഡിവൈൻ പബ്ളിക് സ്കൂൾ, മൈലം കുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 10 | ഐശ്വര്യ ആഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 11 | വന്ദന ആഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 12 | 20 റേഷൻ കടകളുടെ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |
| 13 | ബി.എസ്.എൻ.എൽ., പുത്തൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ |

5) ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്ത കരാറുകാർ, രജിസ്റ്റേഡ് ആധാരം എഴുത്തുകാർ എന്നിവരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

6) ബോണസ്/ഉത്സവബത്ത അർദ്ധവാർഷികവരുമാനം കണക്കാക്കുന്നതിൽ ഉൾപ്പെടുത്തുന്നില്ല. ഉദാഹരണം-കൃഷിഭവൻ ,കുളക്കട

7) ഗവ.ഹയർ സെക്കന്ററി സ്കൂൾ,പുത്തൂർ (ഹയർ സെക്കന്ററി സെക്ഷൻ) ; ഡി.വി.എൽ.പി.എസ്., താഴത്ത് കുളക്കട : എൽ.എം. എസ്.എൽ.പി.എസ്. കലയപുരം, എൽ.എസ്.ജി.ഡി.സെക്ഷൻ എന്നീ സ്ഥാപനങ്ങളുടെ ഒന്നാം അർദ്ധവർഷത്തെ വരുമാന പത്രികകൾ ഹാജരാക്കിയിട്ടില്ല.

8)ശ്രീ വിദ്യാധിരാജ മോഡൽ ടീച്ചർ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,വെണ്ടാർ- ടി സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവാർഷികവരുമാനത്തോടൊപ്പം വെക്കേഷൻ ആയതിനാൽ ഏപ്രിൽ, മെയ് മാസങ്ങളിലെ വരുമാനം ഉൾപ്പെയുത്തിയിട്ടില്ല. വേക്കേഷന് ശമ്പളം ഇല്ലെന്ന് ബോധ്യമായത് വിശദീകരിക്കേണ്ടതാണ്.

9)ഗവ.ഹയർ സെക്കന്ററി സ്കൂൾ, കുളക്കട- രണ്ടാംഅർദ്ധവർഷം 13 ജീവനക്കാരുടെ

തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധവർഷം ആകെ 6 ജീവനക്കാരുടെ തൊഴിൽനികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ.
10)GWLPS കുളക്കട ഈസ്റ്റ്, എസ്.സുമ (പി.ഡി.ടീച്ചർ) പി.എച്ച്.ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-7 , തീയ്യതി-23/10/17) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-5 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ,വാറ്റ് തുക ,ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായ 55,000 /- രൂപ, വാറ്റ് ഇനത്തിൽ ലഭിച്ച 2,910/-രൂപ എന്നീ തുകകൾ കൊല്ലം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 2-6 തനതുഫണ്ട്-ഒന്നിലധികം അക്കൗണ്ടുകൾ

സർക്കാർ നിർദ്ദശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചുവരുന്നു. 26.05.2011 ലെ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ സർക്കുലർപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തനതുവരുമാനം സൂക്ഷിക്കുവാൻ ട്രഷറി അക്കൗണ്ട് കൂടാതെ ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രമേ പാടുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി കുളക്കട ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം കുളക്കട സർവ്വീസ് സഹകരണ ബാങ്ക് (A/c No 1012 ), പൂവറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് (A/c No 552 ) എന്നിവിടങ്ങളിലായി സൂക്ഷിക്കുന്നു. തനതുഫണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ട് മാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ്-തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽനിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതി ഡിമാന്റ് രജിസ്റ്റർപ്രകാരം 1867 വാണിജ്യവ്യാപാരസ്ഥാപനങ്ങളും 129 വ്യവസായസ്ഥാപനങ്ങളും

പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 488 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറി-11 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽനിന്നും അനധികൃതമായി വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ലൈസൻസ് ബാധകമായ മുഴുവൻ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് അടിസ്ഥാനമാക്കി ലൈസൻസ് ഫീസും തൊഴിൽനികുതിയും ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മൈലംകുളം വെണ്ടാർ റോഡ് മെയിന്റനൻസ് -കരാർ കാലാവധിയ്ക്കുശേഷം പൂർത്തീകരിച്ചു –അന്തിമബില്ലിൽനിന്നും Liquidated charges ഈടാക്കിയിട്ടില്ല - 15,285/-രൂപ നഷ്ടം

പ്രോജക്ട് നം.27/17 – മൈലംകുളം വെണ്ടാർ റോഡ് മെയിന്റനൻസ്

അടങ്കൽ തുക- 5,00,000/- മെയിന്റനൻസ് ഫണ്ട്(റോഡ്)

ആകെ ചെലവ് തുക : 4,95,455/-രൂപ

കരാറുകാരൻ - ശ്രീ. സുനിൽ കുമാർ വി ,കിഴക്കേവിള വീട്,മൈലംകുളം

എഗ്രിമെന്റ് നം.107/AE/LSGD/K.D.A/15-16/4.03.2016

എം.ബുക്ക് നം.114/16-17 ബിൽ നം.10/17 തീയതി 28.2.17

മൂല്യനിർണ്ണയം

1st പാർട്ട് ബിൽ

മൂല്യനിർണ്ണയ തുക -3,70,606

കുറയ്ക്കുക

നികുതികൾ - 22,236

റിടെൻഷൻ തുക – 37,061

കരാറുകാരന് അനുവദിച്ച തുക - 3,11,309/-രൂപ

2nd പാർട്ട് ബിൽ

മൂല്യനിർണ്ണയതുക -1,24,849

കുറയ്ക്കുക

നികുതികൾ - 7,492

കരാറുകാരന് അനുവദിച്ച തുക - 1,17,357/-രൂപ

2016-17 സാമ്പത്തികവർഷത്തിൽ പ്രവൃത്തി നടപ്പിലാക്കിയ, കരാറുകാരൻ ശ്രീ.സുനിൽകുമാർ വി, സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടത് 04.03.2016 -നും പ്രവൃത്തി പൂർത്തീകരിച്ചത് 21.01.2017 -നുമാണ്. കരാറുകാരൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ 18.07.2016 -ന് കരാറുകാരന് എ.ഇ. നൽകിയ കത്തിൽ, കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ കാലാവധി നീട്ടുന്നത് സംബന്ധിച്ച് കരാറുകാരന്റെ അപേക്ഷ , തുടർനടപടികളുടെ വിവരം എന്നിവയുടെ രേഖകളില്ലാത്ത സാഹചര്യത്തിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD dated 01.02.2012), സെക്ഷൻ 2116.1 പ്രകാരം Liquidated charges ഇനത്തിൽ തുക അന്തിമബില്ലിൽനിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ പാടുള്ളൂ .

Liquidated charges ഇനത്തിൽ 15,285/-രൂപ ( അടങ്കൽ തുക 5 ലക്ഷം രൂപയുടെ .1% തുക, താമസിച്ച ഓരോ ആഴ്ചയ്ക്കും 500/-രൂപ എന്ന കണക്കിൽ, 21.06.16 മുതൽ 21.01.16 (20% ഗ്രേസ് പീരിയഡ് ഒഴിവാക്കി) മുതൽ 21.01.2017 വരെ -500*30.42 ആഴ്ച കരാറുകാരനിൽനിന്നും ഈടാക്കാത്തതിനു കാരണം തേടി എ.ഇ.യ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/25.10.17)പ്രസ്തുത തുക കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഷ്ടമായ തുക കരാറുകാരനിൽനിന്നും ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

## 3-2 സമഗ്രപച്ചക്കറികൃഷി (കുടുംബശ്രീ വനിത) - ജൈവ കീടനാശിനി വിതരണംചെയ്തില്ല-നിരാകരിക്കുന്ന തുക-19,500/-

പ്രോജക്റ്റ് നം80/17

ചെലവഴിച്ച തുക ധനകാര്യകമ്മീഷൻ അവാർഡ്.1,35,250/-(1,04,000/-ബിൽ നം18/31-3-17, 31,250/- ബിൽ നം.8/23-3-17 65,000/- ഗുണ.വിഹിതം നേരിട്ട് KAICO യിൽ അടച്ചു)

മേൽ പദ്ധതിയിൽ 6500 kg vermicompost (650x10kg) 15 രൂപ നിരക്കിലും (97,500/) Nimbidine(100ml) 650 bottle 50/- രൂപ നിരക്കിലും (32,500/-) Pseudomonas (100ml) 650 bottle 60 രൂപ നിരക്കിലും (39,000) ആകെ 1,04,000/-രൂപ ചെലവഴിച്ച് KAICO (invoice no. Q.728/16-17 dtd 29/3/17) യിൽ നിന്നും അഞ്ചൽ കൃഷിഫാമിൽനിന്നും 31,250/- രൂപ ചെലവിൽ 1250 പാക്കറ്റ് പച്ചക്കറി വിത്തുകളും വാങ്ങിയിട്ടുണ്ടെങ്കിലും മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിരുന്നില്ല. മേൽപദ്ധതിയിൽ ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒടുക്കേണ്ട താണെങ്കിലും

ഒടുക്കിയിരുന്നില്ല. മേൽ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/21-10-17) മേൽ വസ്തുക്കൾ പെർമിറ്റ് അടിസ്ഥാനത്തിൽ 19 എ.ഡി.എസുകൾക്ക് വിതരണം ചെയ്തതായും ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചതുമായാണ് അറിയിച്ചിരിക്കുന്നത്.( ഗുണഭോക്തൃവിഹിതമിനത്തിൽ 65,000/- രൂപ KAICOയ്ക്ക് നല്കിയിട്ടുണ്ട്.) എ.ഡി.എസുകൾക്ക് ലഭിച്ച ഉദ്പാദനോപാധികളുടെ വിവരവും കൃഷിയുടെ പുരോഗതി വിവരവും ആവശ്യപ്പെട്ടുകൊണ്ട് സി.ഡി.എസ്. ചെയർപേഴ്സണ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/23-10-17) 19 എ.ഡി.എസുകൾക്കും vermicompost, Nimbidine,പച്ചക്കറിവിത്ത് എന്നീ മൂന്നിനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് സി.ഡി.എസ്. ചെയർപേഴ്സൺ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഓരോ എ.ഡി.എസുകൾക്കും ലഭിച്ച സാധനങ്ങളുടെ ഇനം, എണ്ണം എന്നിവ അറിയിച്ചുകൊണ്ടുള്ള കത്തുകൾ ഹാജരാക്കിയതിലും (കത്തുകൾ ഓഡിറ്റ് ഫയലിനോടൊപ്പം) മേൽ മൂന്നിനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽനിന്നും 39,000/- രൂപ (50% സബ്സിഡി വികസനഫണ്ടിൽനിന്ന് 19,500/-)ചെലവിൽ വാങ്ങിയ Pseudomonas ഒരു എ.ഡി.എസുകൾക്കും ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ഒരു എ.ഡി.എസുകൾക്കും Pseudomonas വിതരണം ചെയ്യാത്തതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് (22/26-10-17) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപദ്ധതിവഴി വാങ്ങിയ ജൈവകീടനാശിനി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാത്തതിനാൽ മേൽ ഇനം വാങ്ങുന്നതിന് വേണ്ടി വികസനഫണ്ടിൽനിന്നും ചെലവഴിച്ച തുകയായ 19,500/- രൂപ നിരാകരിക്കുന്നു .തുക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച **-1,98,98,965/-** ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,98,98,965 /-രൂപ നഷ്ടപ്പെട്ടു.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ചുനൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്ക-പ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വികസന ഫണ്ട്(പൊതു വിഭാഗം) | 1,56,44,051 | 1,28,17,990 | 28,26,061 |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 1,03,76,868 | 39,57,020 | 64,19,848 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 87,73,422 | 65,58,042 | 22,15,380 |
| 4 | കെ.എൽ.ജി.എസ്.ഡി.പി. | 33,86,903 | 3,09,178 | 30,77,725 |
| 5 | മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം) | 41,84,511 | 31,73,890 | 10,10,621 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1,30,79,898 | 87,30,568 | 43,49,330 |
| ആകെ രൂപ | | | | 1,98,98,965 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലമാണ് 1,98,98,965/- രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണത്തിന്റെ സത്തയുൾക്കൊണ്ട് വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും, ബജറ്റ് തയ്യാറാക്കുവാനും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും, സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ചെലവഴിക്കുവാനും ശേഷിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്ക്കരിക്കുവാനും ഉദ്യോഗസ്ഥരും ഭരണ സമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 3-4 സബ്സിഡി തുക അധികമായി നല്കി -നഷ്ടം 1,000/-

പ്രോജക്റ്റ് നം.86/17 കുരുമുളകുതൈ വിതരണം-ചെലവഴിച്ച തുക വികസന ഫണ്ട് 50,000/-.(ബിൽ നം 7/27-3-17)

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ

പദ്ധതിയിൽ ഒരു കർഷകന് നല്കാവുന്ന പരമാവധി സബ്സിഡി 2,500/-രൂപ ആയിരിക്കെ ശ്രീ.ഉദയകുമാർ, കുന്നവിള, ശ്രീ.ജയകൃഷ്ണൻ, പൗർണ്ണമി എന്നീ കർഷകർക്ക് സബ്സിഡിയിനത്തിൽ 3,000/-രൂപവീതം നൽകിയിട്ടുണ്ട്. സബ്സിഡി അധികമായി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക് (2/ 21-10-17) പരമാവധി നല്കാവുന്ന തുകയെ സംബന്ധിച്ച അറിവില്ലായ്മമൂലം അധികമായി തുക നല്കിയെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ വ്യക്തികൾക്ക് അധികമായി ചെലവഴിച്ച സബ്സിഡി തുക 1,000/-(500x2)രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക മേൽ വ്യക്തികളിൽനിന്ന് തിരികെ ഈടാക്കുന്നതുവരെ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## 3-5 പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് സബ്സിഡി നല്കി

2016-17 ലെ പദ്ധതി നിർവ്വഹണത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ ജലസേചന പമ്പ്സെറ്റ് ഉൾപ്പെട്ടിരുന്നില്ല. സബ്സിഡിമാർഗ്ഗരേഖ GO(MS)4/16 dtd.11.1.16 അനുബന്ധം 16 ഖണ്ഡിക 2.2 ൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഏതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ജലസേചന പമ്പുസെറ്റ്(ജനറൽ) എന്ന പദ്ധതിയിൽ 1,40,770/ രൂപയും (ബിൽ നം 6/23-3-17 36,640/- ബിൽ നം15/31-3-17 1,04,130/-) ജലസേചന പമ്പ്സെറ്റ് (എസ്.സി) എന്ന പദ്ധതിയിൽ 1,98,000/-(1,03,000/-ബിൽനം 10/23-3-17 ,95,000/-ബിൽ നം 14/31-3-17) രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.മേൽ വിവരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/21-10-17)മറുപടിയിൽ മുൻവർഷങ്ങളിലെ മാർഗ്ഗരേഖയിൽ ടിയിനം ഉൾപ്പെട്ടതിനാൽ ആനുകൂല്യം നല്കിയെന്നാണ് അറിയിച്ചിരിക്കുന്നത്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബാധകമായ 2016-17 ലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ജലസേചന പമ്പ് സെറ്റ് ഉൾപ്പെടാത്തതിനാൽ മേൽ പദ്ധതിക്കൾക്ക് വേണ്ടി ചെലവഴിച്ച തുക 3,38,770/-(1,98,000+1,40,770) തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നുള്ള അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 രേഖകൾ ഹാജരാക്കിയില്ല-19,21,885/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവനുബന്ധരേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.പദ്ധതി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ,ബിൽ ബുക്ക് എന്നിവ പ്രകാരമുള്ള ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് റിക്വിസിഷന് (3/26-10-17) രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി/അടങ്കൽ തുക | ചെലവഴിച്ച തുക/ബിൽ നം | റിമാർക്ക്സ് |
|---|---|---|---|
| 1 | എസ്.എസ്.എ.വിഹിതം നല്കൽ 36/17 അടങ്കൽ തുക വികസനഫണ്ട്(ജന) 8,00,000/- | 8,00,000/- ബിൽ നം 9/19-1-17 | തുക ആവശ്യപ്പെട്ടു കൊണ്ടുള്ള എസ്.എസ്.എയിൽ നിന്നുള്ള ഫിനാൻഷ്യൽ പ്രൊപ്പോസൽ,തുക എസ്.എസ്.എയിൽ ഒടുക്കുവരുത്തിയതിന്റെ രേഖകൾ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | പി.എം.എ.വൈ.വിഹിതം 37/17,അടങ്കൽ തുക വികസനഫണ്ട്(ജന) 1,20,000/- | 1,20,000/- ബിൽ നം 22/27-3-17 | തുക ബ്ലോക്കോഫീസിൽ ഒടുക്കുവരുത്തിയതിന്റെ രേഖകൾ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | ഐ.കെ.എംന് വിഹിതം നല്കൽ 38/17അടങ്കൽ തുക വികസനഫണ്ട് (ജന) 76,873/- | 76,873/-ബിൽ നം 11/19-1-17 | തുക ഒടുക്കു വരുത്തി യതിന്റെ രേഖകൾ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | ഗ്രാമകേന്ദ്രം 40/17 അടങ്കൽ തുക തനത് ഫണ്ട് 57,897/- | 57,897/-(ചെക്ക് നം /തീയതി ലഭിച്ചിട്ടില്ല. | തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | കേരളോത്സവം 41/17 അടങ്കൽ തുക തനത് ഫണ്ട് 50,000/- | 50,000/-(ചെക്ക് നം /തീയതി ലഭിച്ചിട്ടില്ല. | തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | സാമൂഹ്യസുരക്ഷാമിഷന് വിഹിതം നല്കൽ 155/17 അടങ്കൽ തുക 2,50,000/- (വികസനഫണ്ട്2,08,327, തനത് ഫണ്ട് 41,673/-) | 2,50,000/- (50,000/ബിൽനം 24/31-3-17, 1,58,327/-ബിൽ നം 12/19-1-17,41673/- ചെക്ക് നം / 9579391 തീയതി 19-1-17 | തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റൽ 43/17 അടങ്കൽ തുക തനത് ഫണ്ട് | 16,795/- (ചെക്ക് നം 025767/തീയതി | വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | 34,890/- | 19-1-17 | |
| 8 | തുരുത്തിലമ്പലം മാർക്കറ്റ് വൈദ്യുതീകരണം 181/17 അടങ്കൽ തുക വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 2,32,000/- | 2,32,000/-ബിൽ നം 25/31-3-17 | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷനിലേക്ക് നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ടെങ്കിലും തുക പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷനിൽ ഒടുക്കു വരുത്തിയതിന്റെ രേഖകളോ ,കൈപ്പറ്റ് രസീതോ വിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. |
| 9 | സമ്പൂർണ്ണ വൈദ്യുതീകരണം<br>184/17 അടങ്കൽ തുക വികസനഫണ്ട്(ജന)<br>1,50,000/- | 1,50,000/-(ബിൽ നം 20/27-3-17 | തുക കെ.എസ്.ഇ.ബി യിൽ ഒടുക്കിയതിന്റെ രേഖകളോ വിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. |
| 10 | വി.ഇ.ഒ.ഓഫീസുകളുടെ വാടക അടങ്കൽ തുക തനത് ഫണ്ട് 1,25,000/- | 1,24,200/-(ചെക്ക് നം 1300696/31-3-17) | തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 11 | തൈവിള -മണ്ണാർകുളം വൈദ്യുത ലൈൻ എക്സ്റ്റൻഷൻ 198/17 തനത് ഫണ്ട് 44,120/- | 44,120/- ചെക്ക് നം 023217/30-3-17 | തുക കൈപ്പറ്റിയതിന്റെ രേഖകളോ വിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല |
| ആകെ ചെലവഴിച്ച തുക | | 19,21,885/- | |

## 3-7 K.M.S.C.L-ൽ നിന്നും 3,39,267/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല- തുക തടസ്സപ്പെട്ടുത്തുന്നു

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L –യിൽ അടവാക്കിയ 4,37,248/- രൂപയിൽ 3,39,267/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 82/17 | 1,87,920/- | ട്രെഷറി ചെക്ക് നം.6313019/ 19.4.17- തുക-37,920/- ട്രെഷറി ചെക്ക് നം. 6313018/19.4.17- തുക-1,50,000/- | 927/29.3.17<br>3955/21.3.17 | -<br>- | 1,87,920<br>1,50,000 |
| 2. | 82/17 | 2,49,328/- | ബില്ല് നം. 5/17 തീ.22.03.17 | 2250/07.02.17, 2249/07.02.17 | 97,981 | 1,347 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 1,50,000 |
| | | | | | ആകെ | 3,39,267/- |

3,39,267/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 സമഗ്രനെൽകൃഷിവികസനം-ചെലവുരേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം 84/17 -ചെലവഴിച്ച തുക വികസനഫണ്ട് 5,60,600/-(ബിൽ നം 1/31-1-17) ജില്ലാപഞ്ചായത്ത് വിഹിതം-1,59,000/-(ചെക്ക് നം.1328521/30.3.17)

മേൽ പദ്ധതിയിൽ വിത്ത് വാങ്ങുന്നതിനുവേണ്ടി തുക നല്കിയതിന്റെയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് വളം വാങ്ങൽ, പൂട്ടുകൂലി എന്നീയിനത്തിൽ തുക ട്രാൻസ്ഫർ ചെയ്തതിന്റെയും രേഖകൾമാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (2/21-10-17) രേഖകൾ ഹാജരാക്കിയെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകളോ കൃഷി ഭ്രവിസിതൃതി തെളിയിക്കുന്ന രേഖകളോ വളം വാങ്ങൽ,പൂട്ടുകൂലി എന്നിവയുടെ ചെലവ് വൗച്ചറുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബിൽ നം 1 പ്രകാരം നെൽകൃഷിക്കായി 31-1-17ൽ പിൻവലിച്ച 5,60,600 രൂപ ക്യാഷ്ബുക്ക് പ്രകാരം 31-3-17 ലും നീക്കിയിരിപ്പായി നിൽക്കുന്നു. 19-4-17 ലാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ തുക രൂപ.7,19,600/- (5,60,600+1,59,000 )തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്.ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും

എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അത് കാലികമാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ ആയത് സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. പുറമ്പോക്ക് രജിസ്റ്ററും പാലിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതിചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽഫോൺവഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016–ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ചുമാസംവരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരുംവർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി,ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്,എൽ.എസ്.ജി.ഡി എ.ഇ.എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016- ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പിന്റെ സ.ഉ(സാധാ)നം.2904/16/19.10.2016 നമ്പരിൽ പുറപ്പെടുവിച്ചുവെങ്കിലും നാളിതുവരെ

പ്രാരംഭ നടപടികൾ ആരംഭിച്ചില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 മരുന്നു ലഭ്യമായില്ല-2,00,000/- തടസ്സപ്പെടുത്തുന്നു

ഹോമിയോ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ മരുന്നുവാങ്ങൽ പദ്ധതിയിൽ തുക നൽകി 6 മാസമായിട്ടും മരുന്നുകൾ ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ, തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, |
|---|---|---|
| എസ്.0160/2016-2017 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ<br>മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 1/25.02.2017<br>പ്രകാരം 2,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ്- 840/26.12.2016 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/23.10.2017-ന് മരുന്നുകൾ ലഭ്യമായിട്ടില്ലായെന്നും മരുന്നുകൾ ലഭ്യമാകുന്നതിലേക്കായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഇൻവോയ്സും മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പരാമർശിച്ചപ്രകാരം രേഖകൾ ഹാജരാക്കുന്നതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വില 2,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നു

2016-17 വർഷം ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ കറൻറ്ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറൻറ്ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് ലഭ്യമാക്കിയ താരിഫ്പ്രകാരം സാധാരണ ബൾബുകളുടെ വൈദ്യുതിചാർജ്ജ് ഒടുക്കുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക (രൂപ) |
|---|---|---|---|
| 40 വാട്ട് സാധാരണ ബൾബ് | 611 | 66 | 40,326 |
| 60 വാട്ട് സാധാരണ ബൾബ് | 52 | 102 | 5,304 |
| 100 വാട്ട് സാധാരണ ബൾബ് | 3 | 167 | 501 |
| ആകെ | | | 46,131 |

2016-17 വർഷം സാധാരണ ബൾബുകൾ ഉപയോഗിച്ചതായി കണക്കാക്കി ആകെ 5,53,572/- (46,131x12) രൂപ കെ.എസ്.ഇ.ബി. ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതും പഞ്ചായത്ത് ടി തുക ഒടുക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. സംയുക്തപരിശോധന നടത്തി ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 വെള്ളക്കരം - സംയുക്തപരിശോധന നടത്തേണ്ടതാണ്.

കുടിവെള്ളടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 8,750/-രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രവർത്തനരഹിതമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ പ്രവർത്തനരഹിതമായ കുടിവെള്ളടാപ്പുകൾക്ക് തുക അടവാക്കുന്നുണ്ടോയെന്ന് അറിയുവാൻ കഴിയുന്നില്ല. ജി. ഒ (ആർ.ടി) 2242/2011 തസ്വഭവ തീയതി 28.9.11-നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുമായിചേർന്ന് കുടിവെള്ളടാപ്പുകളുടെ സംയുക്തപരിശോധന നടത്തേണ്ടതാണ്. ഇതിൽ അധികൃതരുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-13 ചെലവുരേഖകൾ ഹാജരാക്കിയില്ല - 7,500/-രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിച്ചിരിക്കുന്ന കുളക്കട സർവീസ് സഹകരണ ബാങ്കിലെ 1012-ാം നമ്പർ അക്കൗണ്ടിൽനിന്ന് 19/09/16 -ാം തീയതിയിലെ 025358-ാം നമ്പർ ചെക്കുപ്രകാരം 7,500/- രൂപ പിൻവലിച്ചിട്ടുള്ളതാണ്. ടി തുക 644/15-ാം നമ്പർ കേസിന്റെ ലീഗൽ ചെലവിനത്തിൽ അഡ്വക്കേറ്റ് ഫീസായി അഡ്വ.സി.രാജേന്ദ്രന് നൽകിയതായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച വൗച്ചർ, തുകയുടെ കൈപ്പറ്റ് രസീത്, സ്യൂട്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-26, തീയ്യതി-26/10/17) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച 7,500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്തുപ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിയ്ക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സുതാര്യത, ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. സംയുക്ത അക്കൗണ്ടിൽ കൂടിയല്ലാതെ ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ 'ക്യാഷ്'' ' അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല. ക്രെഡിറ്റ് അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വാങ്ങിയതെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഇല്ല. കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും അനുവദിച്ചിട്ടില്ലായെന്നിരിക്കെ ബാങ്കിലെ അക്കൗണ്ടിൽനിന്നും മാറിയെടുത്ത ഫൈനൽ ബിൽ തുക കൈപ്പറ്റി , കൺവീനർമാർ നടത്തിയ സാമ്പത്തിക ഇടപാടുകൾ, ചെക്ക്/ഡി.ഡി./അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയല്ലാത്തതിനാൽ പരിശോധനാപരിധിയ്ക്ക് വെളിയിൽ നിൽക്കുന്നുവെന്നത് ഗൗരവതരമാണ്.

3)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

പ്രവൃത്തികളുടെ ബില്ലുകൾ എല്ലാം നിയമാനുസൃതമല്ല (സാധുതയുള്ള മെറ്റീരിയൽ ബില്ലുകൾക്ക് പകരം വെള്ളപേപ്പറിൽ വൻ തുകയുള്ള കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു) , എല്ലാ സാധനസാമഗ്രികളും അംഗീകൃത ഡീലറിൽനിന്നും വാങ്ങുന്നില്ല. വൗച്ചറുകൾ എല്ലാം ക്രമനമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പ്രവൃത്തികൾ നിർവ്വഹിച്ച ഗുണഭോക്തൃസമിതികൾ അംഗീകൃത ഏജൻസികൾ/ഡീലർമാരിൽനിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും സാമ്പത്തികവ്യവസ്ഥിതിയിൽ കള്ളപണത്തിന്റെ ഭാഗമാക്കുന്നതിന് സർക്കാർ ഫണ്ടുതന്നെ നിമിത്തമാകുന്ന സാഹചര്യവും സൃഷ്ടിക്കുന്നു.

4)വരവ്-ചെലവ് കണക്ക് അച്ചടിച്ച് അംഗങ്ങൾക്ക് നൽകുന്നില്ല

ഗുണഭോക്തൃസമിതി കൺവീനർ വരവ്- ചെലവ് കണക്ക് അച്ചടിപ്പിച്ച് സമിതി അംഗങ്ങൾക്ക് നൽകുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണഭോക്തൃസമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർനടപടികൾക്കായി മേൽ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-15 <u>ദേശീയ തൊഴിലുറപ്പ് പദ്ധതി</u>

2016 - 17 സാമ്പത്തികവർഷത്തിൽ 2585 കുടുംബങ്ങൾക്കായി 1,37,382 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 174 കുടുംബങ്ങൾ 100 ദിനങ്ങൾ പൂർത്തിയാക്കി. ആകെ 4,31,72,43/-രൂപയുടെ ചെലവ്, ഭൂവികസനം, ഐ.എ.വൈ ഭവനനിർമ്മാണം, വരൾച്ച തടയൽ , ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലസംരക്ഷണപ്രവൃത്തികൾ, ജലസേചനപ്രവൃത്തികൾ എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് വിനിയോഗിച്ചത്.

<u>പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ</u>

1.കിണർ നിർമ്മാണം ഒഴികെ ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

2.എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.

3.ഡീറ്റെയിൽഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല. തോടുകൾ/കുളങ്ങൾ/കനാലുകൾ എന്നിവയുടെ എസ്റ്റിമേറ്റിൽ വെള്ളത്തിലും , ചെളിയിലുമുള്ള പ്രവൃത്തിയ്ക്ക് അധികനിരക്കിന്റെ ആവശ്യകത പരിശോധിയ്ക്കാതെ മുഴുവൻ ഏരിയയ്ക്കും അനുവദിക്കുന്നു.

4.കുളങ്ങൾ/ചിറ/കനാലുകൾ എന്നിവയിൽനിന്നും ഭീമമായ അളവിൽ ചെളിയും മണ്ണും നീക്കം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് ( ഉദാ: കുമ്പഴച്ചിറയുടെ ആഴം കൂട്ടൽ -നീക്കം ചെയ്ത അളവ്-1820 m3).നീക്കംചെയ്ത ചെളിയും മണ്ണും നിക്ഷേപിച്ച

സ്ഥലം,ലഭിച്ച മണ്ണിന്റെ ഉപയുക്തത ,വിനിയോഗം എന്നിവ ലഭ്യമല്ല.
5.വൃക്ഷത്തൈ നടീൽ പ്രവൃത്തികൾക്ക് തുടർപരിപാലനം ഉറപ്പ് വരുത്തിയിട്ടില്ല.
6. I.A.Y ഭവനനിർമ്മാണം,കിണർനിർമ്മാണ പ്രവൃത്തികളിൽ ഗുണഭോക്താക്കൾ പ്രവൃത്തിയിൽ പങ്കെടുത്തത് ഫോട്ടോകളിൽനിന്നും ബോധ്യപ്പെടുന്നില്ല.
7. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ , പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
8.ഭൂവുടമസ്ഥത തെളിയിക്കുന്ന കരം അടച്ച രസീതുകൾ എല്ലാം കാലികമല്ല.
9.പ്രവൃത്തികൾ നിർവ്വഹിച്ചതിനുശേഷം ബന്ധപ്പെട്ട മേറ്റുമാർ പ്രവൃത്തിസംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
10.പ്രവൃത്തിയുടെ ഫോട്ടൊകൾ പരിമിതവും എല്ലാ ഫയലുകളിലും ഉൾപ്പെടുത്താത്തതിനാൽ , പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല.
മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും, കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും,നടപ്പിലാക്കിയവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5),218 എന്നിവപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ , നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കുവസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പുറമ്പോക്ക് ഭൂമി ഉള്ളതായി ബോധ്യപ്പെട്ടു.ഇതുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തീരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് തീരുമാന നം./ തീയതി | വിഷയം |
|---|---|
| 3(1)/2.12.16 | പാത്തല വാർഡിലെ പൂവറ്റൂർ കിഴക്ക് |

| | |
|---|---|
| | ആനപ്പാറയിലെ പുറമ്പോക്ക് വസ്തു താലൂക്ക് സർവ്വെയർ അളന്ന് തിരിക്കുംമ്പോൾ കല്ല് ഇടുന്നതിനുള്ള ചെലവനുവാദം. |
| 5(4)/15.02.17 | കൊട്ടാരക്കര താലൂക്ക് തഹസിൽദാർ മുഖേന ലഭിച്ച നാലു വ്യക്തികളുടെ ഭൂമി പതിവ് അപേക്ഷകളിൻമേൽ വസ്തു പതിച്ചു നൽകുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനുള്ള തീരുമാനം. |

കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം , നിർമ്മാണപ്രവർത്തനങ്ങൾ, എന്നിവ നിയമപ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

## 3-17 ബയോഗ്യാസ്പ്ലാന്റ് പ്രവർത്തനരഹിതം -ചെലവുതുക 84,287/- രൂപ തടസ്സപ്പെടുത്തുന്നു

മാലിന്യസംസ്കരണത്തോടൊപ്പം ബയോഗ്യാസ് ഉല്പാദിപ്പിച്ച് സ്ട്രീറ്റ് ലൈറ്റ് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുത്തൂർ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായിട്ടും പ്ലാന്റ് ഓപ്പറേറ്ററുടെ വേതനമിനത്തിലും ഡീസൽ ഇനത്തിലും ആകെ 84,227/-രൂപ ചെലവഴിച്ചിരിക്കുന്നു. 2016-2017 സാമ്പത്തികവർഷത്തെ തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ പ്രവർത്തനരഹിതമായ പ്ലാന്റിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

| മാസം | ഓപ്പറേറ്ററുടെ വേതനം | | ഡീസൽ ചെലവ് | | ആകെ |
|---|---|---|---|---|---|
| | വൗച്ചർ നം /തീയതി | തുക (₹) | വൗച്ചർ നം/ തീയതി | തുക (₹) | |

| | | | | |
|---|---|---|---|---|
| ഏപ്രിൽ | 21600024/ 06-04-16 | 5,425 | 21600023/ 06-04-16 | 1,019 |
| മേയ് | 21600121/ 03-05-16 | 5,250 | 21600122/ 03-05-16 | 1,047 |
| ജൂൺ | 21600192/ 02-06-16 | 5,425 | 21600191/ 02-06-16 | 1,345 |
| ജൂലൈ | 21600275/ 01-07-16 | 5,250 | 21600276/ 01-07-16 | 1,085 |
| ആഗസ്റ്റ് | 21600373/ 04-08-16 | 6,200 | 21600374/ 04-08-16 | 1,183 |
| സെപ്റ്റംബർ | 21600453/ 01-09-16 | 6,200 | 21600454/ 01-09-16 | 1,115 |
| ഒക്ടോബർ | 21600591/ 01-10-16 | 6,000 | 21600592/ 01-10-16 | 1,148 |
| നവംബർ | 21600711/ 02-11-16 | 6,200 | 21600712/ 02-11-16 | 1,173 |
| ഡിസംബർ | 21600782/ 02-12-16 | 6,000 | 21600783/ 02-12-16 | 1,466 |
| ജാനുവരി | 21600894/ 05-01-17 | 6,200 | 21600899/ 05-01-17 | 1,208 |

| | | | | | |
|---|---|---|---|---|---|
| ഫെബ്രുവരി | 21601004/ 02-02-17 | 6,200 | 21601005/ 02-02-17 | 1,268 | |
| മാർച്ച് | 21601249/ 07-03-17 | 5,600 | 21601250/ 07-03-17 | 1,280 | |
| ആകെ | | 69,950 | | 14,337 | 84,287 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-21, തീയതി-26/10/17) പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്നും ജനറേറ്ററിൽ ഡീസൽ നിറച്ച് ലൈറ്റ് പ്രവർത്തിപ്പിക്കുന്നുവെന്നും ആയതിനായി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിനും ഡീസലിനായുമാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. മാലിന്യസംസ്കരണവും ബയോഗ്യാസ് ഉൽപാദനവും ലക്ഷ്യംവെച്ച് സ്ഥാപിച്ച പ്ലാന്റിൽ മറുപടിയിൽ പറഞ്ഞിരിക്കുന്നപ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 84,287/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-18 കന്നുകുട്ടി പരിപാലനംപദ്ധതി -വിനിയോഗരേഖകൾ ലഭ്യമാക്കാത്തത്

പ്രോജക്റ്റ് നം എസ്.ഒ.031/17

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

പദ്ധതി വിഹിതം-വികസനഫണ്ട് (ജനറൽ)-3,00,000/-

സംസ്ഥാന വിഹിതം-3,00,000/-

ചെലവഴിച്ച തുക-3,00,000/-(ബിൽ നം 4/22-3-17)

മേൽ പദ്ധതിപ്രകാരം 48 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി ഒന്നിന് 6,250/- രൂപ സബ്സിഡിനിരക്കിൽ (പഞ്ചായത്തുവിഹിതം) 3,00,000/- കാഫ് ഫീഡ് അസിസ്റ്റന്റ്ഡയറക്ടർ ,കൊല്ലം പേർക്ക് നല്കിയിട്ടുണ്ട്. കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/23-10-17) പദ്ധതി ആരംഭിച്ച സ്ഥിതിയിലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . പൂർണ്ണമായ വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽപദ്ധതിക്കുവേണ്ടി ചെലവഴിച്ച 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി

തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 തെരുവുവിളക്കുകളുടെ പരിപാലനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

A.തെരുവുവിളക്കുകളുടെ മെയിന്റനൻസ് 6/17(spill over)

അടങ്കൽ തുക (തനത്ഫണ്ട്)9,24,840/- ചെലവഴിച്ച തുക 8,43,975/-
( 643975/(DD NO344518/1-9-16)

1.2,00,000/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മേൽ പദ്ധതിക്കായി തനതുഫണ്ടിൽനിന്നും വിവിധഘട്ടങ്ങളിലായി 8,43,975/-രൂപ (expenditure statement പ്രകാരം)ചെലവഴിച്ചിട്ടുണ്ടെങ്കിലും 6,43,975/-രൂപ ചെലവഴിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽനിന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. മേൽപദ്ധതിക്കുവേണ്ടി പിൻവലിച്ച 2,00,000/- രൂപയുടെ ചെലവ് രേഖകളോ ചെക്ക്നമ്പരോ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതിയുടെ പരിശോധനയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖാനിർദ്ദേശങ്ങൾ (15-9-11 ലെ 3055/ഡി.എ.3/2011 lsgd) പാലിച്ചിട്ടില്ലെന്നുകാണുന്നു. തെരുവുവിളക്ക് പരിപാലനത്തിനായി ഇലക്ട്രീഷ്യനെ നിയമിച്ചതിന്റെയും വാഹനം വാടകയ്ക്കെടുക്കുന്നതിന്റെയും കമ്മിറ്റിതീരുമാനങ്ങൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുണ്ടെങ്കിലും കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവവരം ചുവടെ ചേർക്കുന്നു.

1.തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയംഭരണാധികാരികളും സംയുക്തപരിശോധന നടത്തി പോസ്റ്റ് നം സഹിതം രേഖപ്പെടുത്തിയ രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

2.പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കണമെന്നും ഇതിലെ പരാതികൾക്കനുസരിച്ച് മെയിന്റനൻസ് നടത്തണമെന്നും നിർദ്ധേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്ററർ വച്ചിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ 6/16 വരെ നൽകിയത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കെ.എസ്.ഇ.ബി.അധികൃതർ ,വാർഡ് മെമ്പർ എന്നിവരുടെ സാക്ഷ്യപത്രം സഹിതമുള്ള മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട്വന്ന് രജിസ്ററർ ഓഫ് അൺ സർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഈ രജിസ്റററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽനിന്നും സ്റ്റോക്കുരജിസ്റ്റർമാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

കെ.എസ്.ഇ.ബി.അധികൃതർ ,വാർഡ് മെമ്പർ എന്നിവരുടെ സാക്ഷ്യപത്രം സഹിതമുള്ള മെയിന്റനൻസ് നടത്തിയതിന്റെ രേഖകളുടെ അഭാവത്തിൽ 6,43,975/- രൂപയും ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയും ഉൾപ്പടെ 8,43,975/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 പി.എം.എ.വൈ.വിഹിതം നല്കൽ- വിനിയോഗസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ പദ്ധതി നടത്തിപ്പിനായി ബ്ലോക്കോഫീസിൽ ഒടുക്കുവരുത്തിയ തുകകൾ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര്. | പദ്ധതി /അടങ്കൽ തുക | ചെലവഴിച്ചതുക/ ബിൽ നം | റിമാർക്ക്സ് |
|---|---|---|---|
| പി.എം.എ.വൈ വിഹിതം നല്കൽ(SCP) | 3,00,000/- വികസന ഫണ്ട് (എസ്.സി.പി) | 2,40,000/- (12/25-3-17) | ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശ പ്രകാരം തുക ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| പി.എം.എ.വൈ അധിക വിഹിതം നല്കൽ(SCP) | 7,50,000/- വികസന ഫണ്ട് (എസ്.സി.പി) | 7,50,000/- (7,25,000/-2/ 16-1-17, 25,000/- ബിൽ നം. 11/25-2-17) | ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശപ്രകാരം തുകഒടുക്കു വരുത്തിയിട്ടു ണ്ടെങ്കിലും വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| ആകെ | | 7,90,000/- | |

## 3-21 കൃഷി ഓഫീസർ നിർവ്വണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല. 17,43,500/- രൂപ തടസ്സപ്പെടുത്തുന്നു.

സബ്സിഡിമാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിനാലും ചെലവ് രേഖകൾ ഹാജരാകാകാത്തതിനാലും ചുവടെ ചേർക്കുന്ന പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതിയുടെ പേര്, അടങ്കൽ തുക | ചെലവഴിച്ച തുക, ബിൽ നം | നിർവഹണ രീതി/ ഗുണഭോക്താക്കളുടെ എണ്ണം നൽകിയ തുക | തടസ്സപ്പെട്ടു ന്നതിന്റെ കാരണം |
|---|---|---|---|---|
| 1 | നം81/17 വെറ്റില കൃഷി(ജന) പ്രോജക്റ്റ് 400000/ ധനകാര്യ കമ്മീഷൻ അവാർഡ്. | 3,68,000/- (2,80,000/ 11/31-3-17, 88,000/- 17/31-3-17) | ഗുണഭോ ക്താക്കൾ ഉത്പാദ നോപാധികൾ നേരിട്ട് വാങ്ങുന്നു. സബ്സിഡി തുക ബാങ്ക് അക്കൗ ണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. 184 @ 2000 | പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യവും ഉറപ്പാക്കി സാക്ഷ്യപ്പെടു ത്തിയതിന് ശേഷമേ സബ്സിഡി ബാങ്ക് അക്കൗണ്ടി ലേക്ക് നല്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | നം83/17വെറ്റില കൃഷി (എസ്.സി.പി) 1,00,000/- | 78,000/-(60,000/- 12/31-3-17, 18,000/-19 /31-3-17 | " 39<br>@ 2000/- | "ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർതുക ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. കൃഷിസാധനങ്ങൾ വാങ്ങിയതിന്റെ വൗച്ചറുകളോ കൃഷി നടത്തിയതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണ ഭോക്താക്കൾ ഉൽപ്പാദനോപാധികൾ നേരിട്ട് വാങ്ങിക്കുന്ന സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യവും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിന് ശേഷമേ സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നല്കാവൂ എന്ന് |
| 3 | പ്രോജക്റ്റ് നം78/17 വാഴകൃഷി(ജന) 1200000/- ധനകാര്യകമ്മീഷൻ അവാർഡ്. | 11,55,000/-(6,00,000/- 2/23-3-17,<br>,300,000/-9/23-3-17,<br>2,55,000/- | " 770<br>@1500/- | " |

| | | | | |
|---|---|---|---|---|
| | | 16/31-3-17) | | |
| 4 | പ്രോജക്റ്റ് നം 79/17 വാഴ കൃഷി(എസ്.സി.പി) 150000/- വികസന ഫണ്ട് എസ്.സി.പി. | 1,42,500/- (60,000/-5/23-3-17, 82,500/- 18/31-3-17) | " 95 @ 1500/- | " |
| | ആകെ | | 17,43,500/- | |

**3-22** <u>പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് സബ്സിഡി നല്കി</u>

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതിയുടെ പേര് -ഗോവർദ്ധിനി പശുക്കളുടെ വേനൽക്കാല സംരക്ഷണം( ജനറൽ ) അടങ്കൽ തുക 10,50,000/-( ധനകാര്യകമ്മീഷൻ ഗ്രാന്റ്-5,25,000/-ഉ.വി-5,25,000 /-)ചെലവഴിച്ച തുക 5,25,000/- ബിൽ നം 7/30-3-17)

ഗോവർദ്ധിനി പശുക്കളുടെ വേനൽക്കാല സംരക്ഷണം( എസ്.സി.പി)

അടങ്കൽ തുക 3,75,000/-(എസ്.സി.പി 2,50,000/- ഉ.വി. 1,25,000)

ചെലവഴിച്ച തുക 2,50,000/-(1,20,000/-11/30-3-17,1,30,000/ 14/31-3-17)

മേൽപദ്ധതികളിൽ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങളുമായിചേർന്ന് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വാങ്ങി(ജനറൽ 50% എസ്.സി 75%) നല്കിയിരുന്നു. എന്നാൽ 2016-17ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ കാലിത്തീറ്റ സബ്സിഡി എന്ന ഇനം ഉൾപ്പെട്ടിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക 2.2ൽ മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ചനിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂ എന്നും വ്യക്തമാക്കുന്നുണ്ട്. ജനറൽ വിഭാഗത്തിന് 1,500/- (350*1,500-5,25,000)രൂപനിരക്കിലും പട്ടികജാതിവിഭാഗത്തിന് 2,000/-(125*2,000-2,50,000/-) രൂപ നിരക്കിലുമാണ് സബ്സിഡി നല്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (19/23-10-17) 2011-12 മാർഗ്ഗരേഖപ്രകാരം മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നാണ് മറുപടി നല്കിയിരിക്കുന്നത്. 2016-17ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിൽ കാലിത്തീറ്റ സബ്സിഡി എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുക (7,75,000/- (5,25,000+2,50,000) തടസ്സപ്പെടുത്തുന്നു.

## 3-23 വായനക്കൂട്ടം പദ്ധതി -മാർഗ്ഗരേഖ പാലിച്ചിട്ടില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണദ്യോഗസ്ഥനായി നടപ്പിലാക്കിയ വായനക്കൂട്ടം എന്ന പദ്ധതി (72/17, അടങ്കൽ തുക-5,00,000/- ചെലവഴിച്ച തുക-2,80,500/-ബിൽ നം 3/30-3-17)

പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിലെ മൂന്നാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാർത്ഥികളുടെ മാതൃഭാഷയിലുള്ള അറിവും താൽപ്പര്യവും വർദ്ധിപ്പിക്കുക, മാതൃഭാഷയുടെ ഉപയോഗവും ഉച്ചാരണവും ശാസ്ത്രീയമാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഗ്രാമപഞ്ചായത്തിന്റെ വായനായജ്ഞ പ്രോജക്റ്റിന്റെ മാർഗ്ഗരേഖയുടെ ധനകാര്യവിശകലനത്തിൽ 25 കുട്ടികൾ വീതമുള്ള വായനക്കൂട്ടം രൂപീകരിക്കണമെന്നും വായനക്കൂട്ടത്തിൽ 3 മുതൽ 10ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് മാസികയും ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന കൈരളി മാസികയും വിതരണം ചെയ്യണമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി ലിറ്റിൽ ഹാൻഡ്സ് എന്ന ഇംഗ്ലീഷ് പുസ്തകം വാങ്ങി വിതരണം ചെയ്തിരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ (3/21-10-17) ഇംഗ്ലീഷ് ഭാഷയുടെ പരിപോഷണത്തിനായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലിറ്റിൽ ഹാൻഡ്സ് കൂടി ഉൾപ്പെടുത്തണമെന്ന അദ്ധ്യാപകരുടെയും ഹെഡ്മാസ്റ്റർമാരുടെയും നിരന്തര ആവശ്യത്തെതുടർന്ന് ഉൾപ്പെടുത്തിയെന്നാണ് അറിയിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനഫണ്ടിൽനിന്നുള്ള തുകകൾ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം മാത്രം ചെലവു ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-24 മരുന്നുകൾ യഥാസമയം ലഭ്യമായില്ല.

ആയുർവേദ മെഡിക്കലോഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ മരുന്നുവാങ്ങൽ പദ്ധതിയിൽ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ/ പേര് | ചെലവഴിച്ച തുക ബിൽ നമ്പർ/ ഒടുക്കു വരുത്തിയ | ലഭിച്ച മരുന്നു കളുടെ വിവരം | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| | സ്ഥാപനം | | |
| എസ്.094/2017 ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക-600000/-<br>മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 6,00,000/-<br>ബിൽ നം 1/14-12-16<br>ഔഷധി | 5,15,362/- | 84,638/- |
| നം 179/17<br>വൃദ്ധജനങ്ങളുടെ ആരോഗ്യപരിപാലനം. വികസനഫണ്ട് ജനറൽ 110000/- | 1,10,000/-<br>ബിൽ നം 2/22-3-17<br>ഔഷധി | 66399/- | 43601/- |
| | | | ആകെ-1,28,239/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/17.10.2017-ന് മരുന്നുകൾ ലഭ്യമായിട്ടില്ലായെന്നും മരുന്നുകൾ ലഭ്യമാകുന്നതിലേക്കായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഇൻവോയ്സും മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പരാമർശിച്ച പ്രകാരം രേഖകൾ ഹാജരാക്കുന്നതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വില 1,28,239/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-2017 | 1,59,000 | സമഗ്ര നെൽകൃഷി വികസനം | 1,59,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 1,00,000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 1,00,000 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 7,00,000 | പാലിയേറ്റീവ് കെയർ | 1,87,920 | 5,12,080 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ വിഭാഗം | മാർക്കറ്റ് വൈദ്യുതീകരണം | 2,16,01,175 | 2,32,000 | 2,32,000 | 0 |
| കെ.എസ്.ഇ.ബി. | സമ്പൂർണ | 2,16,01,168 | 1,50,000 | 1,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | | | | |
| കെ.എസ്.ഇ.ബി. | വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | 2,16,01,351 | 44,120 | 44,120 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് .ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 522/10/ ത.സ്വ.ഭ.വ. തീയതി- 17/02/2010 | 81,00,000 | 7,53,200 | 7,53,200 | - | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-2011 | 3(9) | 2012-13 | 4.1(1) | പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ്പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | നിലവിലെ സ്ഥിതി ലഭ്യമല്ല. |

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,36,40,989/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,75,65,008/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,26,879/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹20,500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹83,92,023/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (₹) | സർചാർജ് ചെയ്യാവുന്നവ (₹) | |
| 2-1 | 126879/- | - | ശ്രീ. മുരളീധരൻ.എം, സെക്രട്ടറി |
| 3-2 | - | 19,500/- | ശ്രീമതി.പുഷ്പാജോസഫ്, കൃഷി ഓഫീസർ |
| 3-4 | - | 1,000/- | ശ്രീമതി.പുഷ്പാജോസഫ്, കൃഷി ഓഫീസർ |
| ആകെ | 1,26,879/- | 20,500/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 3,38,770/- | ശ്രീമതി.പുഷ്പാജോസഫ്, കൃഷി ഓഫീസർ |
| 3-6 | 19,21,885/- | ശ്രീ. മുരളീധരൻ.എം, സെക്രട്ടറി |
| 3-7 | 3,39,267/- | ഡോ. രാഹുൽ, മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | (സി.എച്ച്.സി.) |
| 3-8 | 7,19,600/- | ശ്രീമതി.പുഷ്പാജോസഫ്,<br>കൃഷി ഓഫീസർ |
| 3-10 | 2,00,000/- | ഡോ. എം.ജയകുമാർ,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) |
| 3-13 | 7,500/- | ശ്രീ. മുരളീധരൻ.എം,പുഷ്പാജോസഫ്,<br>സെക്രട്ടറി |
| 3-17 | 84,287/- | ശ്രീ. ജയപ്രകാശ്.പി., സെക്രട്ടറി |
| | | ശ്രീ.റെജിമോൻ.എം, സെക്രട്ടറി<br>ഇൻചാർജ് |
| | | ശ്രീ. മുരളീധരൻ.എം, സെക്രട്ടറി |
| 3-18 | 3,00,000/- | ഡോ.ബിന്നി സാമുവൽ,<br>വെറ്ററിനറി സർജൻ |
| 3-19 | 8,43,975/- | ശ്രീ. മുരളീധരൻ.എം,<br>സെക്രട്ടറി |
| 3-20 | 9,90,000/- | ശ്രീ. ബാബുകുമാർ .ആർ,<br>അസി.സെക്രട്ടറിപുഷ്പാജോസഫ്, |
| 3-21 | 17,43,500/- | ശ്രീമതി.പുഷ്പാജോസഫ്,<br>കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-22 | 7,75,000/- | ഡോ.ബിന്നി സാമുവൽ,<br>വെറ്ററിനറി സർജൻ |
| 3-24 | 1,28,239/- | ഡോ. ലക്ഷ്മി,<br>മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) |
| ആകെ | 83,92,023/- | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റനടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുരളീധരൻ.എം,<br>സെക്രട്ടറി | സെക്രട്ടറി,<br>കുളക്കട<br>ഗ്രാമപഞ്ചായത്ത് | മുരളീധരൻ.എം,<br>മാധവം,<br>നീലേശ്വരം,<br>കൊട്ടാക്കര |
| ശ്രീ. സുരേഷ്.കെ.ജി.,<br>അസി.എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി. | അസി.എഞ്ചിനിയർ,<br>വെട്ടിക്കവല<br>ഗ്രാമപഞ്ചായത്ത് | സുരേഷ്.കെ.ജി.,<br>സുരേഷ് ഭവനം,<br>കൊല്ലോട് പി.ഒ.<br>മലയിൻകീഴ് |

| | | |
|---|---|---|
| | | തിരുവനന്തപുരം-695571 |
| ശ്രീമതി.പുഷ്പാജോസഫ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | പുഷ്പാജോസഫ്, കൈപ്പള്ളഴികം പുലമൺ പി.ഒ. കൊട്ടാരക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ക്യൂ. /പി.3 / 1363 (4) / 04 തീയതി. 24.06.2014 |
| 1996-97 | എൽ.എഫ്.ക്യൂ./ പി.3 / 88 (1) / 08 തീയതി. 21.02.2009 |
| 1998-99 | എൽ.എഫ്.ക്യൂ./ പി.3 / 1363/14 തീയതി. 24.06.2014 |
| 1999-00 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി. 24.06.2014 |
| 2000-01 | എൽ.എഫ്.ക്യൂ. /പി.3 / 1363/14 തീയതി. 24.06.2014 |

| | |
|---|---|
| 2001-02 | എൽ.എഫ്.ക്യൂ./ പി.3 / 1363/14<br>തീയതി. 24.06.2014 |
| 2002-03 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2003-04 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2004-05 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2005-06 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2006-07 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2007-08 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2008-09 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2009-10 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2010-11 | എൽ.എഫ്.ക്യൂ. /പി.3 / 1363/14<br>തീയതി. 24.06.2014 |
| 2011-12 | എൽ.എഫ്.ക്യൂ. /പി.3 / 2062/13<br>തീയതി. 15.02.2014 |
| 2012-03 | എൽ.എഫ്.ക്യൂ. /പി.3 / 2062/13<br>തീയതി. 15.02.2014 |

| | |
|---|---|
| 2013-14&2014-15 | കെ .എസ് .എ – കെ .എൽ .എം./പി 3/850/2016 തീയതി. 02/06/2016 |
| 2015-16 | കെ .എസ് .എ – കെ .എൽ .എം./പി 8/1755/2016 തീയതി. 27/12/2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.-കെ.എൽ.എം.പി-11/1959/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –22.12.2017

ഓഡിറ്റ് സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2016-2017 വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.